# പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2506 — 09/03/2017-ൽ മറുപടിയ്ക്ക്

## വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി. എഫ്. തോമസ് | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ പദ്ധതി നിലവിലുണ്ടോ ; | (എ) ഉണ്ട്. |
| ബി) ഇതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി "എന്റെ മരം", "നമ്മുടെ മരം" പദ്ധതികൾ വഴി സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു കൂടാതെ പഞ്ചായത്തുകൾ, മാധ്യമങ്ങൾ, മറ്റ് യുവജന സന്നദ്ധ സാമൂഹ്യ സംഘടനകൾ, പൊതുജനങ്ങൾ എന്നിവർക്കും വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നുണ്ട്. പാതയോരങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന 'വഴിയോര തണൽ പദ്ധതി' യും അർബൻ ഫോറസ്ട്രി പദ്ധതിയും നടപ്പിലാക്കിവരുന്നു |
| സി) വൃക്ഷത്തൈ വച്ചു പിടിപ്പിക്കൽ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്, വിശദമാക്കുമോ; | (സി) സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിനായി ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി പദ്ധതി പ്രകാരം വ്യക്തികൾക്ക് ധന സഹായം നൽകിവരുന്നു കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പത്ര മാധ്യമങ്ങൾ, മതസ്ഥാപനങ്ങൾ മുതലായവർക്ക് സൗജന്യമായി വൃക്ഷത്തൈകളും നൽകിവരുന്നു |
| ഡി) പൊതു ആവശ്യങ്ങൾക്കായി വെട്ടിമാറ്റുന്ന മരങ്ങൾക്കു പകരം മരം വച്ചു പിടിപ്പിക്കുന്നതിന് നിബന്ധനകൾ നിലവിലുണ്ടോ; ഇതിനായി നിബന്ധനകൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) പൊതു ആവശ്യങ്ങൾക്കായി വെട്ടിമാറ്റുന്ന മരങ്ങൾക്കു ഒരു മരത്തിന് പകരം 10 മരങ്ങൾ വച്ചു പിടിപ്പിക്കണമെന്ന നിബന്ധനയോടെയാണ് അനുമതി നൽകിവരുന്നത് |

സെക്ഷൻ ഓഫീസർ